മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ആവശ്യമുള്ള Machinery കിട്ടിക്കഴിഞ്ഞിട്ടില്ലാത്തതുകൊണ്ടു് തുടങ്ങിവച്ചിട്ടുള്ള പ്രവൃത്തി ഏതെങ്കിലും നിറുത്തൽ ചെയ്യേണ്ടതായിട്ടു വന്നിട്ടുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: തുടങ്ങിവച്ചിട്ടുള്ളതു് നിറുത്തേണ്ടതായി വന്നിട്ടില്ല. എന്നാൽ തുടങ്ങാൻ Machinery കിട്ടാത്തതുകൊണ്ടു കുറച്ചു കാലതാമസം വന്നിട്ടുണ്ടു്.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: പെരിങ്ങൽക്കുത്തു് ഹൈഡ്രോ ഇലക്ട്രിക്കു് work തുടങ്ങാൻ തീരുമാനിച്ചതെന്നാണു്?

റാവുബഹദൂർ ടി. കെ. നായർ: ഏതാണ്ടു് ഏഴു മാസം കഴിഞ്ഞിരിക്കും.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: അതിനുമുമ്പു് ആവശ്യമായ Machinery ക്കു് order place ചെയ്യാതിരിപ്പാൻ കാരണമെന്താണു്? Date of placing orders Appendix I ൽ ഉണ്ടു്. അതിനു വേണ്ടതായതരത്തിൽ Machinery ക്കുള്ള orders കൃത്യസമയത്തു് place ചെയ്തിട്ടില്ല എന്നു കാണാം. അതിനു പ്രത്യേകകാരണം വല്ലതുമുണ്ടോ?

റാവുബഹദൂർ ടി. കെ. നായർ: Hydro Electric scheme create ചെയ്തു് അതിനു് ഉദ്യോഗസ്ഥന്മാരെ വെച്ചശേഷമേ order കൊടുക്കാൻ സാധിക്കുകയുള്ളൂ. അതെല്ലാം വരുന്ന അവസരത്തിൽ മുൻകൂട്ടി machinery ക്കു് order കൊടുക്കുക എന്നുള്ളതു് സാദ്ധ്യമല്ല. ആ ഉദ്യോഗസ്ഥന്മാരെയും മറ്റും വെച്ച കാലമാണു് ഏതാണ്ടു് ഏഴു മാസമെന്നു ഞാൻ പറഞ്ഞതു്. അതിനുശേഷം preliminary work തുടങ്ങി. ഇങ്ങിനെയാണു് അതിന്റെ സ്ഥിതി.

NIGHT—SOIL IN TRICHUR MUNICIPALITY—DEPOSIT OF

271. മിസ്റ്റർ എം. കെ. രാജ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു സദയം മറുപടി പറയുമോ.—

(എ) തൃശ്ശിവപേരൂർ മുനിസിപ്പാലിറ്റിയിലെ മലം ഇപ്പോൾ എവിടെയാണു് നിക്ഷേപിക്കുന്നതു്;

(ബി) ഇപ്പോഴത്തെ സ്ഥലം മാറ്റി മറ്റൊരു സ്ഥലം ഇതിനായി തിരഞ്ഞെടുക്കുവാൻ ആലോചനയുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണു്;

(ഡി) വിലങ്ങൻകുന്നിന്റെ അടുത്തുള്ള ഒരു പ്രദേശത്തെ ഇതിനായുപയോഗിക്കുവാൻ ആലോചനയുണ്ടോ;

(ഇ) ഈ പ്രദേശത്തിന്റെ പരിസരങ്ങളിൽ താമസിക്കുന്നവർക്കു് ഇക്കായ്ത്തിലുണ്ടായിട്ടുള്ള സംഭവവും ഉൽക്കണ്ഠയും ദൂരീകരിക്കുന്നതിനായി ഗവണ്മെണ്ടു് വല്ലതും ചെയ്യാനുദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ:

(എ) ലാലൂർ മലം ഡിപ്പോവിൽ.

(ബി) ഇല്ല.

(സി) ഉത്തരം ആവശ്യമില്ല

(ഡി) ഇല്ല.

(ഇ) ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എം. കെ. രാജ: സർ, ഇപ്പോഴത്തെ സ്ഥലംമാറ്റി മറ്റൊരു സ്ഥലം ഇതിനായി തിരഞ്ഞെടുക്കുവാൻ ആലോചനയുണ്ടോ എന്ന (ബി) സബ്ഡിവിഷൻ ചോദ്യത്തിനു് "ഇല്ല" എന്നു് ഉത്തരം പറഞ്ഞിട്ടുണ്ടു്. ഇതിനുമുമ്പു് ഇതിനെപ്പറ്റി ഗവണ്മെണ്ടു് ആലോചന നടത്തുകയുണ്ടായിട്ടുണ്ടോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചനയുണ്ടായി, അതു വേണ്ടെന്നുവെച്ചു.

മിസ്റ്റർ എം. കെ. രാജ: ഈ പ്രദേശം ഈ ആവശ്യത്തിനുവേണ്ടി ഉപയോഗിക്കുകയില്ല എന്നു ഗവണ്മെണ്ടു് തീരുമാനിച്ചുകഴിഞ്ഞുവോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അങ്ങിനെയാണു് ഉദ്ദേശം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: ലാലൂർ മലംഡിപ്പോ ഇരിക്കുന്നസ്ഥലത്തിനു ചുറ്റും ജനങ്ങൾ നിബിഡമായി താമസിക്കുന്ന പ്രദേശങ്ങളല്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: മുഴുകെ താമസിക്കുന്ന സ്ഥലമാണു്. നിബിഡമായി താമസിക്കുന്നുണ്ടോ എന്നു പറയാൻ വയ്യ.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: മത്തായിപുരം അധ:കൃതകോളനി ഈ മലം ഡിപ്പോ വിന്റെ അടുത്തല്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സ് വേണം.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: സ്ഥലത്തെ ജനങ്ങൾ അതു് അവിടെനിന്നും മാറണമെന്നപേക്ഷിച്ചിട്ടില്ലെ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചിലരൊക്കെ അങ്ങിനെ അറിയിച്ചിട്ടുണ്ട്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: മലം ഡിപ്പോ ലാലൂർനിന്നു് വെള്ളാനിക്കരക്കു് മാറാൻ ആലോചനയുണ്ടായോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ഉണ്ടായി. അവിടത്തുകാരുടെ ആക്ഷേപവുമുണ്ടായി.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: മലം ആളുകൾ അധികം താമസിക്കാത്ത മലം പ്രദേശത്തു് കൊണ്ടുപോയാൽ വല്ല ആക്ഷേപവുമുണ്ടാകുമോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അതിനു് വളരെ ചിലവുണ്ടു്.

മിസ്റ്റർ കെ. കൊച്ചുകുട്ടൻ: വെള്ളാനിക്കരക്കു് മാറ്റുവാൻ ആലോചിച്ചപ്പോൾ അവിടെയുള്ളവരുടെ ആക്ഷേപമുണ്ടായോ?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെനിന്നുമുണ്ടായിരുന്നു Complaints.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഈ ഡിപ്പോ അമ്പലപ്പാട്ടെക്കു് മാറാൻ ആലോചനയുണ്ടായിരുന്നുവൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: എനിക്കറിവില്ല.

മിസ്റ്റർ പി. കുമാരനെഴുത്തശ്ശൻ: ലാലൂർ മലംഡെപ്പോ സ്ഥാപിച്ചിട്ടു് എത്ര കാലമായി?

മിസ്റ്റർ പറമ്പി ലോനപ്പൻ: നോട്ടീസ്സു വേണം.

മിസ്റ്റർ ജോസു് കെ. വട്ടീസ്: ലാലൂരുള്ള ആളുകളുടെ protest ഉണ്ടായിരുന്നതു കൊണ്ടല്ലേ അവിടെനിന്നും മാറാൻ ആലോചിച്ചതു്?

മിസ്റ്റർ പറമ്പി ലോനപ്പൻ: അവിടെയുള്ള ആളുകളുടെ protest ഉണ്ടായിരുന്നു.

മിസ്റ്റർ കെ. അയ്യപ്പൻ: ലാലൂർ മലം ഡിപ്പോവിൽത്തന്നെ, മലംകൊണ്ടു് ആക്കും ഉപദ്രവം നേരിടാതിരിക്കത്തക്ക വല്ല process-ം നടത്തുവാൻ ആലോചനയുണ്ടൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ആലോചനയുണ്ടു്.

മിസ്റ്റർ കെ. അയ്യപ്പൻ: ആ ആലോചന ഒന്നു് വേഗം നടപ്പിലാക്കാമൊ?

മിസ്റ്റർ പറമ്പി ലോനപ്പൻ: ചെയ്യാം.

Mr. P. Govinda Menon *(Ernakulam)*: There is a certain Standing Order under which if the question put is a very important question, even though the Member is absent, the question can be put.

Mr. President: If there is any request it will be allowed.

Mr. P. Govinda Menon *(Ernakulam)*: I pray that I may be allowed to put the question.

Mr. President: Yes. Usually it is only allowed on the request of the Member putting the question.

SMUGGLING OF RICE—TRICHUR CENTRAL DEPOT

272. Mr. C. R. Iyyunni *(Nellayi)*: Will Government be pleased to state whether some bags of rice have been smuggled or stolen by a merchant in Trichur when they were being taken from the Central Depot to some other place?

Mr. K. Balakrishna Menon *(Minister for Food and Education)*

Yes. Sir, The answer has to be modified. It is true that some bags of rice have been smuggled or stolen. but by whom, it is not known definitely now; that question is under trial now.

Mr. P. Govinda Menon *(Ernakulam)*: May I know how many bags were lost this way?

Mr. K. Balakrishna Menon *(Minister for Food and Education)*: 20.

Mr. P. Govinda Menon *(Ernakulam)*: And no clue has yet been got about the man who took it?

LIBRARY ARCHIVES Kerala Legislative Assembly